ഉത്തരം

(എ) ദേശസാൽകൃത ഇൻഷ്വറൻസ് കമ്പനികളായ യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി, ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനി, ഓറിയൻറൽ ഇൻഷ്വറൻസ് കമ്പനി, നാഷണൽ ഇൻഷ്വറൻസ് കമ്പനി എന്നീ ഏജൻസികളും വഴിയാണ് കന്നുകാലി ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നത്.

(ബി) സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും കന്നുകാലി ഇൻഷ്വറൻസ് നടപ്പാക്കുന്നതിനുള്ള ഒരു പദ്ധതിയും മൃഗസംരക്ഷണ വകുപ്പിന് ഇതുവരെ ലഭിച്ചിട്ടില്ല.

ബീജദാന കേന്ദ്രങ്ങൾ

38 [1971] ഡോക്ടർ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ എത്ര ബീജദാന കേന്ദ്രങ്ങൾ (ഐ. സി. ഡി. പി. സബ് സെൻററുകൾ) നിലവിലുണ്ട്;

(ബി) ഇതിൽ എത്ര ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിൽ 892 ഐ. സി. ഡി. പി. ഉപകേന്ദ്രങ്ങൾ ഉണ്ട്. ഇവയ്ക്ക് പുറമേ 941 മൃഗസംരക്ഷണ സ്ഥാപനങ്ങളിലും ബീജദാന സൗകര്യങ്ങൾ നിലവിലുണ്ട്.

(ബി) മൃഗസംരക്ഷണവകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ 2365 തസ്തികകളാണുള്ളത്. ഇതിൽ 1250 തസ്തികകളിൽ മാത്രമേ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഉള്ളൂ.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

39 [1973] ശ്രീ. ഇ. ശങ്കരൻ:
,, എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെന്ന് വ്യക്തമാക്കാമോ; അതിൽ ഓരോ ജില്ലയിലും എത്രപേരെ വീതം നിയമിച്ചുവെന്നും എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചുവെന്നുമുള്ള വിശദവിവരം നൽകുമോ;

(ബി) നിലവിലുള്ള ഒഴിവുകൾ നികത്താൻ മൃഗസംരക്ഷണ വകുപ്പ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly